**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ പുനർവിന്യസിച്ചിരുന്ന ക്ലർക്ക് ശ്രീമതി സമന്യ പി കെ-യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം ശ്രീ ഷംസുദ്ദീൻ എം കെ -യെ അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1011/2025/LSGD തീയതി,തിരുവനന്തപുരം, 23-04-2025**

---

പരാമർശം:-

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 07/02/2025-ലെ ADFW/5375/2022-SA4 നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 14/03/2025-ലെ LSGD/PD/5479/2025-DEH4 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി സമന്യ പി കെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ തുടർനടപടികൾക്കായി വകുപ്പ് മേധാവി പരാമർശം (1) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. അതോടൊപ്പം ടിയാന് പകരം മലമ്പുഴ HD ഫാമിലെ ക്ലർക്ക് ശ്രീ ഷംസുദ്ദീൻ എം കെ പുനർവിന്യാസത്തിനായി സമർപ്പിച്ച ഓപ്ഷൻ പരിഗണനയ്ക്കായി ശിപാർശ ചെയ്തുകൊണ്ട് ലഭ്യമാക്കിയിരുന്നു. ശ്രീമതി.സമന്യ പി കെ -യ്ക്കെതിരെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റ് നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ പുനർവിന്യാസ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി സമന്യ പി കെ -യെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം മലമ്പുഴ HD ഫാമിലെ ക്ലർക്ക് ശ്രീ ഷംസുദ്ദീൻ എം കെ -യെ ടിയാന്റെ ഓപ്ഷൻ പരിഗണിച്ച് പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി പുനർവിന്യസിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി. സമന്യ പി കെ, ക്ലർക്ക്, തൃപ്പൂണിത്തറ മുനിസിപ്പാലിറ്റി. (കാർഷിക വികസന കർഷകക്ഷേമ

വകുപ്പ് ഡയറക്ടർ മുഖേന)

ശ്രീ ഷംസുദ്ദീൻ എം കെ, ക്ലർക്ക് , HD ഫാം, പാലക്കാട്.

സെക്രട്ടറി, തൃപ്പൂണിത്തറ മുനിസിപ്പാലിറ്റി.

സെക്രട്ടറി, അലനല്ലൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(LSGD-ERA1/35/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 23-04-2025 11:11:25

സെക്ഷൻ ഓഫീസർ